


# തൃപ്പടിദാനം:ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമയുടെ രാജസ്മരണകള്

എസ്. ഉമാ മഹേശ്വരി

സ്മരണകള്

ഭാഷ : മലയാളം

ISBN : 978-81-8265-218-7

page : 288

Edition : 1

Publisher : Mathrubhumi

Price : 200 രൂപ

# 'തൃപ്പടിദാനം' ഇനിമലയാളത്തിന് സ്വന്തം

Posted on:22 Dec 2011



തിരുവനന്തപുരം: ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയുടെ ആത്മകഥ എന്നതിനപ്പുറം തിരുവിതാംകൂർ ചരിത്രവും ശ്രീപദ്മനാഭ സ്വാമി ക്ഷേത്ര ആചാരങ്ങളും അടുത്തറിയാനുതകുന്ന ആധികാരിക ഗ്രന്ഥമായ ' തൃപ്പടിദാനം ' ഇനി മലയാളത്തിന് സ്വന്തം. 'മാതൃഭൂമി ബുക്സ്' പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകത്തിന്റെ പ്രകാശനം ഉത്രാടം തിരുനാൾ തന്നെയാണ് നിർവഹിച്ചത്. 82 കൊല്ലമായി മനസ്സിലിരുന്ന രഹസ്യം ഇവിടെ പരസ്യമാകുകയാണെന്ന് അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ ആദ്യ പ്രതി ഏറ്റുവാങ്ങി. തിരുവിതാംകൂറിന്റെ പ്രജ എന്നു പറയുന്നതിൽ അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ആറാട്ടുഘോഷയാത്ര പോലെ സ്മരണകളുടെ ഘോഷയാത്രയാണ് 'തൃപ്പടിദാനം' എന്ന് മാർത്താണ്ഡവർമ്മ തന്നെ പറഞ്ഞിട്ടുണ്ടെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന 'മാതൃഭൂമി' മാനേജിങ് എഡിറ്റർ പി. വി. ചന്ദ്രൻ ചൂണ്ടിക്കാട്ടി. ആ ഘോഷയാത്ര ആസ്വദിക്കാന് ഇനി മുതൽ മലയാളികൾക്കെല്ലാം അവസരമുണ്ട്. ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ലഭിച്ച അപൂർവ അവസരത്തില് മാതൃഭൂമിക്ക് അങ്ങേയറ്റം കൃതാർത്ഥതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി, മുൻ ചീഫ് സെക്രട്ടറി സി.

പി. നായർ, ചരിത്രഗവേഷകനും പത്രപ്രവർത്തകനുമായ മലയിൻകീഴ് ഗോപാലകൃഷ്ണൻ, മാതൃഭൂമി ബുക്സ് അസിസ്റ്റന്റ് മാനേജര് ജോർജി തോമസ്, ക്ഷത്രിയക്ഷേമസസഭ നേതാവ് എം. രവിവർമ്മരാജ, പുസ്തകം തയ്യാറാക്കിയ ഉമാമഹേശ്വരി തുടങ്ങിയവർ സംബന്ധിച്ചു.

## സർ സി.പി. ശരിയായിരുന്നു...!!!



ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവര്മ

തിരുവിതാംകൂർ എന്തുകൊണ്ടും ഭാഗ്യംചെയ്ത രാജ്യമാണ്. കെല്പുള്ള രാജാക്കന്മാരും ഭരണത്തിൽ സഹായിക്കുവാന് മിടുമിടുക്കരായ ദിവാന്മാരും നമുക്കുണ്ടായിട്ടുണ്ട്. മഹാരാജാക്കന്മാർ എടുക്കുന്ന ഏതു നടപടിയും ദിവാനുമായി ആലോചിച്ചശേഷമാണ് മുന്നോട്ടു വെക്കുക. ഭരണകാര്യങ്ങളെല്ലാം, ഏകോപിച്ച് നടത്തിയിരുന്നത് അവരാണ്. രാമയ്യൻ മുതൽ പി.ജി.എൻ. ഉണ്ണിത്താൻ വരെ 44 ദിവാന്മാര് തിരുവിതാംകൂർ

ഭരിച്ചിട്ടുണ്ട്. ഈ രാജ്യത്തെ പുരോഗതിയുടെ പാതയിലേക്ക് വഴിനടത്തിയവരാണ് അവരെല്ലാവരും. ദിവാന്മാരുടെ ഗണത്തിൽ സൂര്യതേജസ്സായി വിളങ്ങിയിരുന്നത് സർ ടി. മാധവറാവുവും സേത്തുപട്ട് പട്ടാഭിരാമ രാമസ്വാമി അയ്യരും ആയിരുന്നു. ലോകം മുഴുവൻ സര് സി.പി. എന്ന പേരിൽ പ്രസിദ്ധിയാർജിച്ച രാമസ്വാമി അയ്യരെക്കുറിച്ചുള്ള എന്റെ അറിവും ഓർമകളും അനുഭവങ്ങളും ഞാന് പങ്കുവെക്കട്ടെ.

നവംബർ 13, 1879. നേരം പുലർന്നാല് ദീപാവലി. ഇനിയും രണ്ടു മണിക്കൂറുണ്ട് സൂര്യനുദിക്കാൻ. സി.ആർ. പട്ടാഭിരാമ അയ്യരുടെ പത്നി സീതാലക്ഷ്മി അമ്മാൾക്ക് പ്രസവവേദന തുടങ്ങി. ഏതാനും നിമിഷങ്ങൾക്കകം അവര് ഒരാൺകുഞ്ഞിനു ജന്മം നല്കി. പ്രകാശത്തിന്റെ ഉത്സവമായ ദീപാവലിദിനത്തിൽ ജനിച്ച ഈ ആൺകുട്ടിയുടെ കീർത്തി ലോകമെമ്പാടും പരന്നു. പാരമ്പര്യമനുസരിച്ച് മുത്തച്ഛന്റെ പേര് ഈ സന്താനത്തിനു നല്കി-രാമസ്വാമി അയ്യർ. പില്ക്കാലത്ത് സർ സി.പി. എന്ന ചുരുക്കപ്പേരിൽ ഖ്യാതി നേടിയ ആ മഹാന്റെ ബാല്യകാലവും വിദ്യാഭ്യാസവും ലോകരാഷ്ട്രങ്ങളിൽ അദ്ദേഹത്തിനുണ്ടായ മതിപ്പും മര്യാദയും അറിയണം. തിരുവിതാംകൂർ രാജ്യത്തെ ഭരിക്കാന് ഇത്രയും നല്ലൊരു പ്രഗത്ഭനെ കിട്ടിയത് പ്രജകളുടെയും ഭാഗ്യമാണ്.

തമിഴ്നാട്ടിലെ വടക്ക് ആർക്കോട്ടിലെ വാൻഡിവാഷിലാണ് ജനനം. അച്ഛൻ ന്യായാധിപനായിരുന്നു. സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ സന്ദർശനത്തിനായി രൂപംകൊടുത്ത കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം. മദ്രാസ് വെസ്ലി കോളേജ് ഹൈസ്കൂൾ വിദ്യാർഥിയായിരുന്നു രാമസ്വാമി അയ്യർ. 'പ്രൈസ് ബോയ്' എന്നാണ് പരക്കെ അറിയപ്പെട്ടിരുന്നത്. ഇംഗ്ലീഷിലും സംസ്കൃതത്തിലും കവിതകള് രചിക്കുമായിരുന്നു. ഉപന്യാസരചനയിലും തത്പരനായിരുന്നു. നെബ്യുല സിദ്ധാന്തത്തെക്കുറിച്ച് തയ്യാറാക്കിയ ഉപന്യാസത്തിന് എൽഫിൻസ്റ്റണ് സമ്മാനം ലഭിച്ചിട്ടുണ്ട്. സ്വർണമെഡലോടെയാണ് ഡിഗ്രി പാസ്സായത്. തുടർന്ന് മദ്രാസ് ലോ കോളേജിൽ ചേർന്നു. ഇംഗ്ലീഷ് അധ്യാപകനാകാനായിരുന്നു താത്പര്യമെങ്കിലും പിതാവിന്റെ അഭിലാഷം മറ്റൊന്നായിരുന്നു. തന്റെ പാത മകനും പിൻതുടരണമെന്ന മോഹം അദ്ദേഹത്തിനുണ്ടായിരുന്നു. മാത്രമല്ല, ഭരണകാര്യങ്ങളിൽ, മകന് പ്രായോഗികപരിശീലനം നേടുവാൻ അദ്ദേഹം ഒരു വഴി കണ്ടെത്തി. മകൻ രാമസ്വാമിയുടെ അവധിക്കാലം മൈസൂർ ദിവാനും സുഹൃത്തുമായ കെ. ശേഷാദ്രി അയ്യരോടൊപ്പം ചെലവിടുവാന് വേണ്ട ഏർപ്പാടുകള് ചെയ്തുകൊടുത്തു.

1903-ൽ വി. കൃഷ്ണസ്വാമി അയ്യരുടെ ജൂനിയറായിട്ടാണ്, സി.പി. അഭിഭാഷകവൃത്തിക്കു തുടക്കംകുറിച്ചത്. പക്ഷേ, വി. ഭാഷ്യം അയ്യങ്കാരുടെ പരിശീലനത്തിൽ മകന് വളരണമെന്ന പിതാവിന്റെ ആഗ്രഹം

എന്തുകൊണ്ടോ സഫലമാകാതെപോയി. അച്ഛന്റെ നിര്യാണത്തെത്തുടർന്ന്, സി.പി. സ്വയം പരിശീലനം നേടുകയായിരുന്നു.

ഏറ്റെടുക്കുന്ന കേസുകളെല്ലാം വിജയിച്ചു. മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയായി കിട്ടിയ നിയമനം അദ്ദേഹം വേണ്ടെന്നുവെച്ചു. അന്നത്തെ മദ്രാസ് ഗവർണര് ലോർഡ് വെല്ലിങ്ടണ് സി.പിയെ മദ്രാസ് അഡ്വക്കേറ്റ് ജനറലാക്കി.

ഇന്ത്യൻ സ്വാതന്ത്ര്യസമരം ജ്വാലയായി പടർന്ന ദിനങ്ങളായിരുന്നു. ഗോപാലകൃഷ്ണഗോഖലെയുടെ ആരാധകനായ സി.പി. സെർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റിയിൽ ചേർന്നു. ജിദ്ദു കൃഷ്ണമൂർത്തി- ആനിബെസന്റ് കേസിൽ ആനിബെസന്റിന് എതിരായി വാദിച്ചുജയിച്ചു. എങ്കിലും, അവർ തമ്മിൽ വ്യക്തിവൈരാഗ്യമില്ലായിരുന്നു. ഹോംറൂൾ പ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ സി.പി. ആനിബെസന്റിനെ സഹായിക്കുകയും, അവരുടെ ഉടമസ്ഥതയിലുള്ള ന്യൂ ഇന്ത്യ എന്ന പത്രത്തിന്റെ പത്രാധിപരായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

മദ്രാസ് ഗവർണറുടെ എക്സിക്യൂട്ടീവ് കൗണ്സിൽ അംഗമായപ്പോഴാണ് പൈക്കര ഡാമിന് തറക്കല്ലിട്ടത്. 6.75 കോടി രൂപ ചെലവില് പണിത ഡാം, കോയമ്പത്തൂരിനെ വ്യവസായകേന്ദ്രമാക്കി വളർത്തി. തഞ്ചാവൂർ, തിരുച്ചി എന്നിവിടങ്ങളിൽ ജലസേചനത്തിനായി മേട്ടൂര് ഡാം പണിതതും സര് സി.പി.യാണ്.

1924-ൽ രൂപംകൊണ്ട ലീഗ് ഓഫ് നേഷൻസിന്റെ ഇന്ത്യന് പ്രതിനിധിയായി 1926 ലും 1927 ലും സി.പി. ജനീവയിൽ ചെന്നു. 1932-ൽ ലണ്ടനില് നടന്ന മൂന്നാം വട്ടമേശസമ്മേളനത്തിൽ പങ്കെടുത്തു. 1933-ൽ ഞങ്ങൾ ആദ്യമായി വിദേശയാത്ര ചെയ്തപ്പോൾ, ലണ്ടനിൽ ലോക സാമ്പത്തികസമ്മേളനം നടക്കുകയായിരുന്നു. ഇന്ത്യയുടെ പ്രതിനിധിയായി ലണ്ടനില് എത്തിയതും സർ സി.പി.യാണ്. 1934-ൽ ജമ്മു-കാശ്മീർ, ഗ്വാളിയർ, ബിക്കാനീർ എന്നീ രാജ്യങ്ങളുടെ ഭരണഘടനകൾ തയ്യാറാക്കി. നിയമജ്ഞനും ഭരണാധികാരിയും ദീർഘദർശിയുമായ സര് സി.പി.യുടെ സ്തുത്യർഹമായ ചില സേവനങ്ങൾകൂടിസ്മരിക്കട്ടെ.

സ്കൂള് വിദ്യാർഥികൾക്ക് ഉച്ചക്കഞ്ഞിസമ്പ്രദായം തുടങ്ങിയത് സര് സി.പി.യാണ്. തിരുവനന്തപുരത്തെ വഞ്ചി പുവർ ഫണ്ടിന്റെ രൂപീകരണത്തോടെയാണ് ഉച്ചക്കഞ്ഞിസമ്പ്രദായം യാഥാർഥ്യമായത്. ഭാരതത്തിലെ എല്ലാ നദികളെയും പരസ്പരം ബന്ധിപ്പിക്കണമെന്ന ആശയം അവതരിപ്പിച്ചതും അദ്ദേഹമാണ്.

തിരുവിതാംകൂറിൽ 'ക്ഷേത്രപ്രവേശനവിളംബരം' നടപ്പിൽ വരുത്തിയതില് സർ സി.പി.യുടെ പങ്ക് നാം എങ്ങനെ മറക്കും? അദ്ദേഹത്തിന് അവർണര് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സമൂഹത്തോട് ഒരിക്കലും വെറുപ്പോ വിദ്വേഷമോ ഉണ്ടായിരുന്നില്ല. എൻ. ശെൽവരാജ് എന്ന അവർണ അഭിഭാഷകനെ തന്റെ ജൂനിയറായി സ്വീകരിച്ച് ലോകത്തിനു മാതൃക കാട്ടിയ വ്യക്തിയാണ് അദ്ദേഹം.

ഇന്ത്യയിൽ ആദ്യമായി വധശിക്ഷ നിർത്തലാക്കിയ രാജ്യം തിരുവിതാംകൂറാണ്. അതിനു വേണ്ട നടപടികളെടുത്തതും അദ്ദേഹമായിരുന്നു. നോബൽ സമ്മാനം ലഭിച്ചിട്ടുള്ള സോമർസെറ്റ് മോം കവടിയാർ കൊട്ടാരം സന്ദർശിച്ചിട്ടുണ്ട്. ഇവിടെ വളരെ കുറച്ചു ദിവസങ്ങൾമാത്രം ചെലവിട്ട ആ വിശ്വസാഹിത്യകാരന് സര് സി.പി.യുമായി പരിചയപ്പെട്ടു. 'The Narrow Corner ' എന്ന അടുത്ത നോവലിലെ ഒരു കഥാപാത്രത്തിന് രാമസ്വാമി അയ്യർ എന്ന പേരു നല്കി സോമർസെറ്റ് മോം സി.പിയോടുള്ള ആദരവ് പ്രകടിപ്പിച്ചു. ഐക്യരാഷ്ട്രസഭയിൽ കാശ്മീര് പ്രശ്നം അവതരിപ്പിക്കാന് ജവാഹർലാല് നെഹ്റു നിയോഗിച്ചത് ഗോപാലസ്വാമി അയ്യങ്കാരെയാണ്. 'സർ സി.പിയെ നിയോഗിച്ചിരുന്നെങ്കിൽ പ്രശ്നം അന്നേ തീരുമായിരുന്നു' എന്ന് മുതിർന്ന സിവില് സർവീസ് ഉദ്യോഗസ്ഥൻ സി.എസ്. വെങ്കിടാചാർ അഭിപ്രായപ്പെട്ടിരുന്നു: '... that newly elected member of Parliament and State Assemblies should take an allegiance to the Indian Union...' എന്ന ഉപവകുപ്പ് ജമ്മു കാശ്മീർ ഭരണഘടനയിൽ എഴുതിച്ചേർത്തതുകൊണ്ടാണ് ഇന്നും കാശ്മീര് ഇന്ത്യയുടെ ഭാഗമായി തുടരുന്നത്. അറുപതുകളിൽ 'ദ്രാവിഡമുന്നേറ്റകഴകം' അവരുടെ വിഘടനവാദം ഉപേക്ഷിച്ചതിന് ഇതും ഒരു കാരണമാണ്.

എന്റെ പത്താംവയസ്സിൽ നടന്ന സംഭവം ഞാന് പറയാം. കുട്ടിയല്ലേ? ആഗ്രഹങ്ങൾ ധാരാളമുണ്ടായിരുന്നു. പലതും ചോദിക്കുന്നതിനുമുൻപേ, അമ്മയും സഹോദരനും എനിക്ക് നല്കിയിരുന്നു. ഒരു ദിവസം രാവിലെ ചിത്തിര തിരുനാൾ എന്നെ വിളിപ്പിച്ചു. ഞാൻ അദ്ദേഹത്തിന്റെ മുറിയിലേക്കു പോയി.

'മുറ്റത്ത് ഒരു സാധനമുണ്ട്. ഇഷ്ടപ്പെടുമെന്ന് തോന്നുന്നു. പോയി നോക്കാൻ...' എന്നായി മഹാരാജാവ്. 'എന്തായിരിക്കും?' ആകാംക്ഷാഭരിതനായി ഞാൻ മുറ്റത്തേക്കോടി. എന്റെ കണ്ണുകൾ വിടർന്നു. 'കുതിര!' ഞാൻ ആശ്ചര്യത്തോടെ ഉറക്കെപ്പറഞ്ഞു. അതിരില്ലാത്ത സന്തോഷം ആദ്യമായി അനുഭവിച്ചറിഞ്ഞ നിമിഷമായിരുന്നു അത്.

ഇങ്ങനെ പലതും ആവശ്യപ്പെടുന്നതിനു മുൻപേ ലഭിക്കാറുണ്ടെങ്കിലും, എന്തു ചോദിച്ചാലും ലഭിക്കുമെന്ന ധാരണയൊന്നും വേണ്ട. കിട്ടുകയില്ല. അത്രതന്നെ. അതിനാൽ ചോദിക്കാന് മടിയും പേടിയുമുണ്ടായിരുന്നു. അന്ന് എനിക്ക് വാച്ചുകളോട് വല്ലാത്ത ഇഷ്ടമായിരുന്നു (ഇന്നുമുണ്ട്). ഒരെണ്ണം കിട്ടിയിരുന്നെങ്കിൽ കൈയില് കെട്ടിനടക്കാമായിരുന്നു. എന്തു ചെയ്യാം. ചോദിക്കാൻ പേടി. ഇങ്ങനെയുള്ള സന്ദർഭങ്ങളില് എന്തെങ്കിലുമൊരു വഴി ഞാൻ കണ്ടെത്തിയിരുന്നു. വാച്ച്, കാർ, ഫർണിച്ചര് തുടങ്ങിയവയുടെ ക്യാറ്റലോഗുകൾ കൊട്ടാരത്തില് എത്താറുണ്ട്. ഇവയിൽ വാച്ചിന്റെ ക്യാറ്റലോഗുകൾ എടുത്ത്, ക്ഷമയോടെ വാച്ചിന്റെ ചിത്രങ്ങൾ വെട്ടിയെടുത്ത് കൈയിൽ കെട്ടിനടക്കും. ഇടയ്ക്കിടെ 'വാച്ച്' മാറ്റുകയും ചെയ്യും.

ഒരു ദിവസം സർ സി.പി. എന്ന വിളിച്ചു.

'അതെന്താ കൈയില്?'

അന്തസ്സോടെ ഞാൻ പറഞ്ഞു, 'സ്വിസ് വാച്ച്.' നോക്കട്ടെ എന്നായി അദ്ദേഹം. ഞാൻ കൈ നീട്ടിക്കാണിച്ചു. അദ്ദേഹം നോക്കി. പുഞ്ചിരിച്ചുകൊണ്ട്, കവിളിൽ ചെറുതായൊന്നു തലോടി. 'മിടുക്കന്' എന്നു പറഞ്ഞിട്ട് നടന്നുനീങ്ങി. മാസങ്ങൾ കഴിഞ്ഞു. ഒരു ദിവസം ഭൃത്യൻ എന്റെ മുറിയിലേക്കു വന്നു. സർ സി.പി. വിളിക്കുന്നുണ്ടെന്നറിയിച്ചു.

ഞാനാകെ വിരണ്ടു. 'ഇന്ന് ഇതേവരെ വികൃതികളൊന്നും കാണിച്ചില്ലല്ലോ? പിന്നെന്തിനാണ് വിളിപ്പിക്കുന്നത്?' പോകാതിരിക്കാന് തരമില്ല. പോയി. അദ്ദേഹം എന്നെ അടുത്തു വിളിച്ചു. എന്നിട്ട് 'ആ കോട്ട്പോക്കറ്റിലൊന്നു കൈയിടാൻ...' ഞാൻ അദ്ദേഹത്തെ നോക്കി. 'അതെ... സംശയിക്കണ്ട... പോയ് നോക്കൂ...' ഞാൻ കോട്ടിന്റെ വലത്തേ പോക്കറ്റില് കൈയിട്ടപ്പോള് ഒരു പൊതി തടഞ്ഞു. ഞാനതെടുത്തു.

'ഇങ്ങ് കൊണ്ടുവരാന്...' വളരെ അനുസരണയോടെ ഞാൻ കൊണ്ടുപോയി. 'തുറക്കാൻ...' ഞാൻ വീണ്ടും അദ്ദേഹത്തെ നോക്കി. 'ഉം...' ഞാൻ തുറന്നപ്പോള് കണ്ടത് ചെറിയൊരു പെട്ടി. അതും തുറന്നപ്പോൾ കണ്ടത് കല്ലുകൾ പതിച്ച സ്വർണവാച്ച്.

'ഇഷ്ടപ്പെട്ടോ?' അദ്ദേഹം എന്നോടു ചോദിച്ചു. ഞാൻ തലകുലുക്കി. 'എന്റെ വക സമ്മാനം സ്വീകരിച്ചുകൊള്ളുക' എന്നു പറയുമ്പോൾ എന്നെക്കാളേറെ അദ്ദേഹം സന്തോഷിച്ചു. എന്റെ ആദ്യത്തെ വാച്ചായിരുന്നു അത്. വാച്ച് ശേഖരണം ഒരു

വിനോദമായി. കഴിഞ്ഞ എട്ട് ദശാബ്ദത്തിനുള്ളില്‍ ഞാന് 31 വാച്ചുകള് ശേഖരിച്ചു. എല്ലാം കൃത്യമായി ചലിക്കുന്നവ. വാച്ചിന്‌റെ കാര്യത്തില്‍ പത്തു വയസ്സുകാരന്‌റെ മനസ്സാണ് ഇപ്പോഴുമെനിക്ക്. ഓരോ സമയം ഓരോ വാച്ച് കെട്ടും!

തിരുവിതാംകൂറിനുവേണ്ടി അവിരാമം യത്നിച്ച വ്യക്തി. അവസാനം വേദനയോടെയാണ് വിടപറഞ്ഞത്. സത്യമറിയാതെ പലരും അദ്ദേഹത്തെ വിമര്‍ശിച്ചു. വേണ്ടാത്തത് പ്രചരിപ്പിച്ചു. തെറ്റിദ്ധരിപ്പിച്ചു. ഭരണമാറ്റം എല്ലാവരേയും എപ്പോഴും പറ്റിക്കാനാവില്ലല്ലോ. 1946-47 കാലയളവില്‍ തിരുവിതാംകൂറില് കരിനിഴല് പരത്തിയ സാഹചര്യത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. പുന്നപ്ര-വയലാര്‍ സമരം സ്വതന്ത്രതിരുവിതാംകൂര്‍ പ്രഖ്യാപനത്തിനെതിരെ നടന്ന പ്രക്ഷോഭമായിട്ടാണ് ഇപ്പോഴും ചിലര്‍ അവകാശപ്പെടുന്നത്. ആ നിലയ്ക്ക് വേണ്ട പ്രചാരവും അവര്‍ നല്കി.

1947 ജൂലായ് 11 നാണ്, സ്വതന്ത്രതിരുവിതാംകൂര്‍ എന്ന ആശയം സര് സി.പി. പ്രഖ്യാപിക്കുന്നത്. പുന്നപ്ര-വയലാര്‍ പ്രക്ഷോഭം നടന്നതാകട്ടെ, 1946 ഒക്ടോബര്‍ 24 മുതല് 27 വരെയുള്ള ദിവസങ്ങളിലും! അതുപോലെ, 1947 ജൂലായ് 25 നാണ് സര് സി.പി.ക്കുനേരെ വധശ്രമമുണ്ടാകുന്നത്. 'അന്നുതന്നെ അദ്ദേഹം പേടിച്ചരണ്ട് നാടുവിട്ടു' എന്നു പ്രചരണം നടത്തുന്നു ഇന്നും. ചിലരുടെ നിലനില്പിന് ഇത്തരം പ്രചരണങ്ങള്‍ ആവശ്യമായിരിക്കാം.



## അധികാരം കൈമാറുന്നു

1931 നവംബര് ആറിനാണ് ശ്രീചിത്തിര തിരുനാള് മഹാരാജാവായി അധികാരമേല്ക്കുന്നത്. അന്നുതന്നെ, സർ സി.പി.യെ രാജ്യത്തിന്റെ ലീഗൽ-കോൺസ്റ്റിറ്റിയൂഷണല് അഡ്വൈസറായി നിയമിച്ചു. അഞ്ചു വർഷങ്ങള് പിന്നിട്ട ശേഷം അദ്ദേഹം ദിവാൻപദവി ഏറ്റെടുത്തു. കൃത്യമായി പറഞ്ഞാൽ ഒക്ടോബര് പത്ത്, 1936. ഒരു മാസം പിന്നിട്ടപ്പോൾ ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപിക്കപ്പെട്ടു.

അടുത്ത വർഷം തിരുവിതാംകൂര് സർവകലാശാല സ്ഥാപിക്കപ്പെട്ടു. രാജ്യത്ത് വ്യവസായവത്കരണം ത്വരിതഗതിയിലായി. ഇങ്ങനെയിരിക്കെയാണ് 1942-ൽ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസില് അംഗമായി സര് സി.പി. നിയമിതനാകുന്നത്. അദ്ദേഹം ദിവാൻപദവി രാജി വെക്കുകയും ഡൽഹിയിലേക്ക് തിരിക്കുകയും ചെയ്തു. പക്ഷേ, രണ്ടാഴ്ച കഴിഞ്ഞപ്പോൾ കൗൺസില് അംഗത്വം രാജി വെച്ച സര് സി.പി., തിരുവിതാംകൂർ ദിവാനായി ആഗസ്ത് 23, 1942ന് വീണ്ടും ചുമതലയേറ്റു. ഭാരതത്തിലുടനീളം സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടു. 1946-ൽ വൈസ്രോയി വേവല് പ്രഭുവിനെ സന്ദർശിച്ച ദിവാന് ഏകീകൃത ഇന്ത്യയ്ക്കു വേണ്ടി തന്റെ വ്യക്തിപരമായ നിലപാട് അറിയിച്ചിരുന്നു.

പിന്നീടുള്ള ദിനങ്ങൾ സംഭവബഹുലമായിരുന്നു. വഴിത്തിരിവുകള് പലതുമുണ്ടായി. അതിൽ സുപ്രധാനമായത് 1946 സപ്തംബര് രണ്ടിന് ജവാഹർലാല് നെഹ്റുവിന്റെ നേതൃത്വത്തില് ഇടക്കാലസർക്കാര് നിലവില് വന്നു എന്നുള്ളതാണ്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കാനും അധികാരക്കൈമാറ്റം നടത്തുവാനും ബ്രിട്ടീഷ് ഭരണകൂടം നടപടികളെടുത്തുതുടങ്ങി. ഈ സാഹചര്യത്തില് 576-ൽപ്പരം നാട്ടുരാജ്യങ്ങളുടെ ഭാവി ചർച്ചാവിഷയമായി. അവ സ്വതന്ത്ര ഇന്ത്യയിൽ ലയിക്കുമോ?

സർദാര് വല്ലഭായ് പട്ടേല് നാട്ടുരാജ്യങ്ങളെ സ്വതന്ത്ര ഇന്ത്യയില് ചേർക്കുന്നതിനുള്ള നടപടികൾക്കു തുടക്കമിട്ടു.

ഇതിനായി പ്രത്യേക വകുപ്പുണ്ടാക്കി. വി.പി. മേനോനെ വകുപ്പ് സെക്രട്ടറിയായി നിയമിച്ചു. ആലപ്പുഴയിൽ പുന്നപ്ര-വയലാർ പ്രദേശങ്ങളില് പ്രക്ഷോഭമുണ്ടായി. മൂന്നു ദിവസം നീണ്ടുനിന്ന പ്രക്ഷോഭം വെറുതേ നോക്കിയിരിക്കാൻ എങ്ങനെ സാധിക്കും? ഏതു ഭരണാധികാരിയും നടപടികളെടുക്കും. അത് വെടിവെപ്പിൽ കലാശിച്ചു. നിരവധി പേർ മരിക്കുകയും ചെയ്തു. ജീവിതാവസാനംവരെ, നിർഭാഗ്യകരമായ ഈ സന്ദർഭത്തെ ഓർത്ത് എന്റെ ജ്യേഷ്ഠന് ദുഃഖിച്ചിരുന്നു.

ഈ സംഭവത്തെത്തുടർന്ന് പലരും സി.പി.യെ ഒരു കിരാതനായി ചിത്രീകരിച്ചു. 1946 ഡിസംബറില് സര് സി.പി. ദിവാൻസ്ഥാനം രാജിവെച്ചു. എങ്കിലും മൂന്നാഴ്ചയ്ക്കു ശേഷം 1947 ജനവരിയില് അദ്ദേഹം തിരിച്ചെത്തി.

നൂറ്റാണ്ടുകളായി സ്തുത്യർഹമായിത്തന്നെ ഭരിച്ചിരുന്ന ഒരു രാജവംശമാണ് ഞങ്ങളുടേത്. ശ്രീപത്മനാഭസ്വാമിക്ഷേത്രവും തിരുവിതാംകൂറും ഞങ്ങളുടെ ആത്മാവാണ്, അഭിമാനമാണ്.

വിദേശീയരെപ്പോലെ ഇടയ്ക്ക് വന്നുപോയവരല്ല, ജനങ്ങളെ അത്യന്തം സേവിച്ചും സ്നേഹിച്ചും അവർക്ക് നന്മകള് മാത്രം ചെയ്ത് ഔന്നത്യത്തിലേക്ക് ഉയർത്തിയവരാണ് ദീർഘവീക്ഷണമുള്ള തിരുവിതാംകൂർ ഭരണാധികാരികൾ. അന്ന് ഇന്ത്യയിൽ ഏറ്റവും മികച്ച നാട്ടുരാജ്യം തിരുവിതാംകൂറായിരുന്നു. കാര്യങ്ങളിങ്ങനെയിരിക്കെ, എങ്ങനെ പെട്ടെന്ന് രാജ്യം വിട്ടുകൊടുക്കും? അതെന്താ ആരും ആലോചിക്കാത്തത്? തിരുവിതാംകൂർ കൈവിട്ടുപോകുകയെന്നാൽ, ജീവൻ പറിച്ചുകൊണ്ടുപോകുന്നതിനു തുല്യമാണ്. വേദനാജനകവുമാണ്. കുടുംബവീടോ തറവാടോ ഭാഗാവസ്ഥയിലായി അന്യംനിന്നുപോകുമ്പോൾ കുടുംബനാഥൻ അനുഭവിക്കുന്ന, വേദനയുടെ, മാനസികസംഘർഷത്തിന്റെ എത്രയോ മടങ്ങാണ് ഞങ്ങള് അനുഭവിച്ചത്.

1947 ജൂണ് 11 ന് ഭക്തിവിലാസില് നടന്ന പത്രസമ്മേളനത്തില് 'ആഗസ്ത് 15 ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ തിരുവിതാംകൂര് ഒരു സ്വതന്ത്രരാജ്യമായി നിലനില്ക്കും' എന്ന് സർ സി.പി. വ്യക്തമാക്കി. ജൂൺ

രണ്ടാംതീയതി വൈസ്രോയി മൗണ്ട്ബാറ്റണെ ഈ വിവരം അറിയിച്ചശേഷമാണ് സർ സി.പി. പത്രസമ്മേളനം വിളിച്ചുചേർത്ത് ഈ പ്രഖ്യാപനം നടത്തിയത്. രണ്ടാഴ്ചയ്ക്കു ശേഷം, വി.ജെ.ടി. ഹാളിൽ നടത്തിയ മറ്റൊരു പത്രസമ്മേളനത്തിൽ രാജ്യരക്ഷ, വിദേശകാര്യം, വാർത്താവിനിമയം എന്നിവ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലും മറ്റുള്ളവയ്ക്ക് കേന്ദ്രസർക്കാരുമായി ചർച്ചചെയ്ത് തീരുമാനിക്കുമെന്നും ദിവാൻ വ്യക്തമാക്കി.

ആഭ്യന്തര സ്വയംഭരണവും വ്യാപാരബന്ധങ്ങളും തിരുവിതാംകൂറിനുതുടർന്നുകൊണ്ടുപോകാമെന്ന ഉറപ്പ് വൈസ്രോയി നല്കി. ഇത് രേഖാമൂലംതന്നെ മഹാരാജാവിനെ അറിയിച്ചിരുന്നു. ശരിക്കും, വൈസ്രോയിയുടെ ഈ കത്ത്, സർ സി.പി.യാണ് മഹാരാജാവിന് എത്തിച്ചതും. പരാമർശിച്ചിട്ടുള്ള മൂന്നു വകുപ്പുകളുടെ കാര്യത്തിൽ ഇന്ത്യൻ ഡൊമിനിയനിൽ ചേരാനുള്ള സമ്മതം അറിയിച്ചാൽ, ആഭ്യന്തരഭരണത്തിൽ കേന്ദ്രം ഇടപെടുകയില്ലെന്ന വാഗ്ദാനംകൂടിയായിരുന്നു അത്.

ദിവസങ്ങൾ രണ്ടു കഴിഞ്ഞു. സ്വാതിതിരുനാൾ സംഗീത അക്കാദമിയില് ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ സംഗീതക്കച്ചേരി നടക്കുകയാണ്. മഹാരാജാവും ഞാനും അമ്മയും കച്ചേരിക്കു പോയി. കുറച്ചു നേരം കേട്ടു. ഞങ്ങൾ പോയതിനുശേഷമാണ് സര് സി.പി. വന്നത്.

ഔദ്യോഗിക കൃത്യനിര്വഹണത്തിനിടയിലും, അല്പനേരം കച്ചേരി കേട്ടിരിക്കാൻ സര് സി.പി. അക്കാദമിയിൽ എത്തി. കുറച്ചുനേരം കച്ചേരി ശ്രവിച്ച ശേഷം, പുറത്തേക്കിറങ്ങി. ഏതാനും ചുവടുകൾ വെച്ചതും, വൈദ്യുതിപ്രവാഹം നിലച്ചു. അന്ധകാരത്തിൽ ചടുലമായ കാല്പെരുമാറ്റം ശ്രവിച്ച ദിവാൻ ജാഗരൂകനാകുന്നതിനു മുൻപേ, ആദ്യവെട്ടേറ്റു. കവിളിലാണ് കൊണ്ടത്. ഘാതകൻ വിട്ടില്ല. കഴുത്തിൽ വെട്ടിയപ്പോള് അംഗവസ്ത്രം തുണയായി. എന്തുകൊണ്ടോ മുറിപ്പെടുത്താനായില്ല. അതിനാൽ വീണ്ടും വെട്ടാനൊരുങ്ങിയപ്പോൾ ദിവാന് കൈപ്പത്തികൊണ്ടു തടഞ്ഞു. ഇനി അവിടെ നില്ക്കുന്നത് അപകടമാണെന്നു കരുതിയ ഘാതകന് ദൗത്യം പൂർത്തിയാക്കാതെ ഇരുളില് മറഞ്ഞു. സി.പി.ക്ക് ബോധമുണ്ടായിരുന്നു. മനഃസാന്നിധ്യമുണ്ടായിരുന്നു. കാറിൽ കയറി ജനറല് ആശുപത്രിയിലേക്ക്

പോയി. തൂങ്ങിക്കിടന്ന കവിൾത്തടം ചേർത്തുപിടിച്ചുകൊണ്ടാണ് ദിവാന് ആശുപത്രിയിലെത്തിയത്.

ഡോ. കേശവൻനായരായിരുന്നു ദിവാനെ ചികിത്സിച്ചത്. 'ഉച്ചഭക്ഷണം വൈകിക്കഴിച്ചതിനാൽ അനസ്തീഷ്യ നല്കുവാന് പ്രയാസമാണ്,' ഡോക്ടർ പറഞ്ഞു.

'ബോധം കെടുത്തണ്ട. തുന്നിക്കൊള്ളൂ,' ദിവാൻ മറുപടി നല്കി. അവിചാരിതമായ ഈ ആക്രമണം കാരണം 27 നുള്ള ദിവാന്റെ ഡൽഹിയാത്ര റദ്ദാക്കി. വൈസ്രോയി മൗണ്ട്ബാറ്റണ് നല്കിയ ഉറപ്പിന്മേല് ചർച്ച നടത്താന് തീരുമാനിച്ച ദിനമായിരുന്നു അത്. 'പരിക്കേറ്റ ദിവസം രാത്രിതന്നെ സർ സി.പി. നാടുവിട്ടു' എന്ന് പറഞ്ഞുപരത്തിയതിൽ സത്യമില്ല. സി.പി. ചികിത്സയിലായതിനാൽ 28 നുതന്നെ ചിത്തിര തിരുനാൾ വൈസ്രോയിക്ക് സന്ദേശമയച്ചു. തിരുവിതാംകൂറില് സ്വയംഭരണം നിലനിർത്താന് വേണ്ടിയുള്ള നിലപാട് സ്വീകരിച്ചതിൽ നന്ദിയറിയിച്ച മഹാരാജാവ്, ഇന്ത്യൻ ഡൊമിനിയനില് ചേരുവാനുള്ള നടപടി കൈക്കൊള്ളുവാനും തീരുമാനിച്ചു. ഇന്ത്യൻ ഡൊമിനിയന്റെ അന്തിമ ഭരണഘടന നിലവിൽ വരുമ്പോൾ, മറ്റു നാട്ടുരാജ്യങ്ങളെപ്പോലെ, തിരുവിതാംകൂറിനും നിലപാട് പുനഃപരിശോധിക്കാൻ അവകാശം വേണമെന്ന് ഓർമിപ്പിക്കുകയും ചെയ്തു. ചിത്തിര തിരുനാളിന്റെ ഈ നടപടിയും വികലമായി വ്യാഖ്യാനിക്കപ്പെട്ടു.

'സർ സി.പി.ക്ക് വെട്ടേറ്റതിനെത്തുടർന്ന് ഭീരുവായ മഹാരാജാവ് ഇന്ത്യന് യൂണിയനിൽ ചേരുവാന് തീരുമാനിച്ചതായി' ചിത്രീകരിക്കപ്പെട്ടു. ആഗസ്ത് നാലിന് വി.പി.മേനോൻ ലയനപ്രമാണവും നിശ്ചലകരാറും ദിവാന് അയച്ചുകൊടുത്തു. വെട്ടേറ്റ് ചികിത്സയിലായിരുന്ന ദിവാൻ ഭക്തിവിലാസില് വെറുതേ വിശ്രമിക്കുകയായിരുന്നില്ല. തിരുവിതാംകൂറിനു പ്രത്യേക ഭരണഘടനയുണ്ടാക്കുകയായിരുന്നു.

1947 ആഗസ്ത് 10 ലെ കരാര് പ്രകാരം രാജ്യരക്ഷ, വാർത്താവിനിമയം, വിദേശനയം എന്നീ വകുപ്പുകളുടെ നിയന്ത്രണം കേന്ദ്രസർക്കാരിന്റെയും നിശ്ചലകരാർ പ്രകാരം മറ്റുള്ളവ തിരുവിതാംകൂറിന്റെയും അധികാരപരിധിയിൽ വരുന്നതാണ്. മാത്രമല്ല, സംസ്ഥാനത്തിന്റെ പരമാധികാരത്തിലും ആഭ്യന്തരാധികാരത്തിലും ഇടപെടില്ലെന്നും ഉറപ്പുണ്ടായിരുന്നു.

വിദേശനയം കേന്ദ്രസർക്കാരിന്റേതാണെങ്കിലും, തിരുവിതാംകൂറിനു വിദേശരാജ്യങ്ങളുമായി വാണിജ്യ ഇടപാട് നടത്താം. അതിന് ട്രേഡ് കമ്മീഷണറെ നിയമിക്കുകയുമാകാം. പക്ഷേ, കമ്മീഷണർ വ്യാപാര വാണിജ്യ കരാറിലല്ലാതെ മറ്റൊന്നിലും ഇടപെടരുത് എന്ന നിർദേശവും നല്കിയിരുന്നു.

രാജ്യത്തിൽ ധാന്യക്കമ്മി അനുഭവപ്പെട്ടതിനെത്തുടർന്ന് കറാച്ചിയിൽനിന്നും ധാന്യങ്ങൾ ഇറക്കുമതി ചെയ്യുവാൻ ഒരു ട്രേഡ് കമ്മീഷണറെ നിയമിച്ചപ്പോൾ, 'നിയമലംഘനം നടത്തി അംബാസഡറെ നിയമിച്ചതായി' വാർത്ത പ്രചരിപ്പിച്ചു.

ഇങ്ങനെ പലവിധത്തിലും ബുദ്ധിമുട്ടിച്ചു. സർവോപരി, തന്ന വാഗ്ദാനങ്ങളെല്ലാം വൈസ്രോയി വിഴുങ്ങി. പിന്നീട്, വി.പി.മേനോന്റെ ഊഴമായിരുന്നു.

'ഏതു വിധേനയും ചിത്തിര തിരുനാളിന്റെ ഒപ്പ് വാങ്ങണം.' പരമാവധി ശ്രമിച്ചു. ചില സന്ദർഭങ്ങളിൽ, അതിരു കടന്ന സംഭാഷണം നടത്താനും വി.പി.മേനോൻ മടിച്ചില്ല. 'ഞാൻ നാളെ രാവിലെ എട്ടു മണിക്കു വരും. കരാർ എല്ലാം ഒപ്പിട്ടു വെക്കണം.' ധാർഷ്ട്യം കലർന്ന ധ്വനിയില് മേനോന് മഹാരാജാവിനോട് പറഞ്ഞു.

'ഞാനപ്പോൾ ശ്രീപത്മനാഭസന്നിധിയിലായിരിക്കും...' തമ്പുരാൻ മറുപടി നല്കി. 'പോകണ്ട...' എന്നായി മേനോന്. 'അത് തീരുമാനിക്കേണ്ടത് ഞാനാണ്' എന്നായി മഹാരാജാവ്. ഇത്തരം ഗൗരവമേറിയ ചർച്ചകള് കവടിയാറില് നടക്കുമ്പോഴും ചിത്തിരതിരുനാൾ ശാന്തനായിരുന്നു. ശബ്ദമുയർത്തി സംസാരിച്ചിട്ടില്ല. പ്രാതൽ കഴിച്ചുകഴിയുമ്പോഴേക്കും മേനോൻ എത്തും. ഉച്ചവരെ ചർച്ചയാണ്. ഉച്ചയൂണു കഴിഞ്ഞാല് പൂയം തിരുനാളിനും അശ്വതി തിരുനാളിനും പഞ്ചതന്ത്രകഥകളും ഈസോപ്പ് കഥകളും പറഞ്ഞുകൊടുക്കുന്ന കുഞ്ഞുങ്ങളുടെ പൊന്നമ്മാവനെ കാണാമായിരുന്നു.

കൊടുത്ത വാക്ക് നാം പാലിക്കും. അങ്ങനെയാണ് പഠിപ്പിച്ചിട്ടുള്ളതും. മറ്റുള്ളവരും ഇതുപോലെയാണ്, പറയുന്ന വാക്കുകൾ സത്യമാണ്, അവർ

അത് പാലിക്കും എന്ന് നാം വിശ്വസിക്കും. അവിടെയാണ് നമുക്ക് തെറ്റുപറ്റുന്നത്. ഈ വിശ്വാസത്തിൽ നാം ചതിക്കുഴികള് കാണാറില്ല. മന്ദസ്മിതത്തിനു പിന്നില് ഒളിഞ്ഞിരിക്കുന്ന ചതി നാം തിരിച്ചറിയാറില്ല. ഞാൻ രാഷ്ട്രപതി വി.വി.ഗിരിയെ കാണുമ്പോൾ 'ഏയ്.. അങ്ങനെയൊന്നുമില്ല...' എന്നാണ് പ്രതികരിച്ചത്. വിഷയം പ്രിവി പഴ്സ് നിർത്തലാക്കുന്നതിനെക്കുറിച്ചായിരുന്നു. ഏതാനും മിനിറ്റുകൾക്കു മുൻപ് ഒപ്പിട്ട ശേഷമാണ്, രാഷ്ട്രപതി ഞങ്ങളോട് ചിരിച്ചുകൊണ്ട് നുണ പറഞ്ഞതെന്ന് പിന്നീട് മനസ്സിലായി.

കാലം മുറിവുണക്കുമെന്നാണ് പറയുന്നതെങ്കിലും, ഉണങ്ങാത്ത മുറിവുകൾ മനസ്സിൽ അവശേഷിക്കുന്നു. ശ്രീപത്മനാഭനോടല്ലാതെ ആരോടു പറയാൻ? പ്രാചീനകാലംമുതൽ ഞങ്ങളുടെ കുലദൈവം ശ്രീപത്മനാഭസ്വാമിയും കുടുംബക്ഷേത്രം ശ്രീപത്മനാഭസ്വാമിക്ഷേത്രവുമാണ്. രാജകുടുംബത്തിൽ ഏറ്റവും പ്രായംകൂടിയ പുരുഷന് (കാരണവർ) ചിറവാമൂപ്പ് കൊണ്ട് രാജ്യഭാരം ചെയ്തിരുന്നു. ഇളമുറരാജാവ് തൃപ്പാദപുരത്തു വെച്ച് തൃപ്പാപ്പൂർ മൂപ്പ് ഏറ്റെടുത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഭരണം നിർവഹിച്ചിരുന്നു. 'തൃപ്പാപ്പൂർമൂപ്പ്' ഏല്ക്കുന്നതിന്, 'ക്ഷേത്രമൂപ്പ്' ഏല്ക്കുന്നു എന്നും മതിലകംരേഖകളിൽ കാണാം.

അനിഴം തിരുനാൾ മാർത്താണ്ഡവർമയുടെ കാലഘട്ടത്തിൽ, പ്രാപ്തിയുള്ള പുരുഷസന്താനങ്ങളില്ലാതിരുന്നതിനാൽ, ക്ഷേത്രമൂപ്പും ചിറവാമൂപ്പും രാജ കുടുംബത്തിന്റെ കാരണവരായ അനിഴം തിരുനാൾതന്നെയാണ് കൈകാര്യം ചെയ്തിരുന്നത്. ആ പാരമ്പര്യം ഇന്നും തുടരുന്നു. എന്റെ മുൻഗാമികളില് ഒരാളായ മഹാരാജാ സ്വാതിതിരുനാള് അനുഭവിച്ച മാനസികസംഘർഷത്തിനു സമാനമായി ഞാനും അനുഭവിക്കുന്നുണ്ട്. കാലാനുസൃതമായ വ്യത്യാസമുണ്ടെന്നു മാത്രം. അദ്ദേഹത്തിന് റസിഡന്റ് കല്ലന്റെ പ്രതികൂലനിലപാടുകൾ അരോചകമായി തോന്നി. ഐഹികങ്ങളിൽനിന്നും മോചനം നേടി ശ്രീപത്മനാഭനില് കൂടുതൽക്കൂടുതല് സ്വയം അർപ്പിച്ചു.

എന്റെ അവസ്ഥയും അതുപോലെയാണ്. ശ്രീപത്മനാഭദർശനം ഞങ്ങൾക്ക് മുടക്കാൻ പറ്റില്ല. അതിനു കഴിയില്ല. ശ്രീപത്മനാഭന്റെ പ്രസാദം കാംക്ഷിച്ചുകൊണ്ട് സ്വാതിതിരുനാള്

ഭക്തിമഞ്ജരിയിൽ രചിച്ച വരികള് ഓർമ വരുന്നു. അദ്ദേഹത്തെപ്പോലെ തരളഹൃദയനായി ഞാനും പ്രാർഥിക്കുന്നു. ശ്രീപത്മനാഭനിൽ അചഞ്ചലഭക്തി കുടുംബത്തിലെ ഓരോ അംഗത്തിനും എന്നെന്നും സിദ്ധിക്കേണമേ! ആചന്ദ്രതാരം ഈ ബന്ധം തുടരേണമേ!

ആനന്ദാമൃതസാരസന്തതിമയ-
സ്വാരാജ്യ മൂർധാഭിഷി-
ക്താത്മന്നംബുജനാഭ, തേ ചരണയോർ-
നത്വാ മുഹുഃ സാദരം.
ഏതാവത് പുനരർത്ഥയേ കുരു കൃപാ-
മാപത്സു സമ്പത്സു വാ
ഭൂയാത് ത്വത്പദപത്മയോരവിരതം
ഭക്തിർ മമാചഞ്ചലാ.

സച്ചിദാനന്ദസ്വരൂപിയായ ശ്രീപത്മനാഭ, ആപത്തിലും സമ്പത്തിലും
അവിടുത്തെ ചരണങ്ങളിൽ സ്ഥിരമായ ഭക്തി ഉണ്ടാകുന്നതിനു കനിയണേ
എന്നു മാത്രമാണ് എന്റെ പ്രാര്ഥന.

**(തൃപ്പടിദാനം: ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമയുടെ രാജസ്മരണകള് എന്ന പുസ്തകത്തിൽ നിന്ന്)**
**തയ്യാറാക്കിയത്:എസ്. ഉമാ മഹേശ്വരി**

[പുസ്തകം വാങ്ങാം]